# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2582** **05.11.2019 -ൽ മറുപടിയ്ക്ക്**

ചെരണി ടൂറിസം പാർക്കിന്റെ വികസനം

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | മഞ്ചേരി ചെരണിയിൽ പ്രവർത്തിക്കുന്ന ടൂറിസം പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | എ) | പാർക്കിൽ കൂടുതൽ കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുമായി ചേർന്ന് കോഫി ഷോപ്പ്-മറ്റ് സംരംഭങ്ങൾ എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) | T854/VIP/2019/M.Co-Op/TSM/DEV എന്ന നമ്പർ ഫയലിന്മേൽ ടൂറിസം ഡയറക്ടർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | ബി) | മഞ്ചേരി മണ്ഡലത്തിലെ ചെരണിയിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ കീഴിലുള്ള പാർക്കിന്റെ വിപുലീകരണത്തിനായി കൂടുതൽ റൈഡുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ടൂറിസം വകുപ്പിന്റെ അടിയന്തിര ഇടപെടൽ നടത്തി 50 ലക്ഷം രൂപയുടെ ഫണ്ട് അനുവദിക്കണമെന്ന് ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ള അപേക്ഷ പ്രകാരം ആവശ്യപ്പെടുകയുണ്ടായി . എന്നാൽ ടി പാർക്കിന്റെ സ്ഥല ലഭ്യത പരിമിതമായതിനാൽ പുതിയ റൈഡുകൾ സ്ഥാപിക്കുന്നതിന് പരിമിതിയുണ്ട്. സ്ഥല ലഭ്യതയ്ക്ക് അനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| സി) | പ്രസ്തുത പാർക്കിൽ വിനോദസഞ്ചാര വികസനത്തിനായി പുതിയ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | സി) | പാർക്കിന്റെ വികസനത്തിനായി കൂടുതൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ പുതിയ വികസന പ്രവർത്തനങ്ങൾക്ക് നിലവിൽ സാധ്യതയില്ല. |

സെക്ഷൻ ഓഫീസർ